ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.07.2025**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ സന്ദർശനം തുടരുന്നു; ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ഇന്ന് ഉഭയകക്ഷി ചർച്ച.

2. പാർലമെന്റിൽ ഇന്നും പ്രതിപക്ഷ ബഹളം; ഇരുസഭകളും രണ്ടുമണി വരെ നിർത്തിവച്ചു.

3. സംസ്ഥാനത്ത് ജൂലൈ മാസത്തിലെ ക്ഷേമ പെൻഷൻ വിതരണം നാളെ ആരംഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ.

4. ഇന്ന് കർക്കടകവാവ്. മാതൃ - പിതൃ പുണ്യം തേടി ബലി തർപ്പണ കേന്ദ്രങ്ങളിൽ എത്തിയത് പതിനായിരങ്ങൾ.

5. സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

********************************

RNU TVPM

ഹെഡ്‌ലൈൻ-1

**പിഎം-യുകെ**

പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രിട്ടീഷ് പ്രധാനമന്ത്രി കിയർ സ്റ്റാമറുമായി ഇന്ന് ഉഭയകക്ഷി ചർച്ച നടത്തും. ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാറിലും ഇന്ന് ഒപ്പുവെക്കും. ലണ്ടനിൽ ഇന്ത്യൻ പ്രവാസികൾ നൽകിയ ഊഷ്മളമായ സ്വീകരണത്തിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു. ഇന്ത്യയും യുകെയും തമ്മിലുള്ള സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്താൻ സന്ദർശനം വഴിയൊരുക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. വിദേശ പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ മാൽദീവ്സിൽ എത്തുന്ന പ്രധാനമന്ത്രി പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും.

****************************

ഹെഡ്‌ലൈൻ-2

**പാർലമെന്റ്**

തുടർച്ചയായ നാലാം ദിവസവും പ്രതിപക്ഷ ബഹളത്തിൽ പാർലമെന്റ് നടപടികൾ തടസപ്പെട്ടു. ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണം ഉൾപ്പടെയുള്ള വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധവുമായി നടുത്തളത്തിലിറങ്ങിയതോടെ ലോക്സഭാ ഉച്ചക്ക് രണ്ടു മണി വരെ നിർത്തിവക്കുന്നതായി സ്പീക്കർ ഓം ബിർള അറിയിച്ചു. പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ രാജ്യസഭയും രണ്ടു മണി വരെ നിർത്തി വച്ചു.

****************************

ഹെഡ്‌ലൈൻ-3

**പെൻഷൻ വിതരണം**

RNU TVPM

ജൂലൈ മാസത്തിലെ ക്ഷേമ പെൻഷൻ വിതരണം നാളെ ആരംഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ. ഇതിനായി 831 കോടി രൂപ അനുവദിച്ചു. 62 ലക്ഷത്തോളം പേർക്കാണ് 1,600 രൂപവീതം ലഭിക്കുന്നത്.

***************************

ഹെഡ്‌ലൈൻ-4

## കർക്കടക വാവ്

ഇന്ന് കർക്കടകവാവ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലും മറ്റ് പ്രധാന കേന്ദ്രങ്ങളിലും ഉൾപ്പടെ പിതൃ മോക്ഷം തേടി പതിനായിരങ്ങളാണ് ബലിതർപ്പണത്തിനെത്തുന്നത്. സംസ്ഥാനത്ത് ആലുവ മണപ്പുറം, പെരുമ്പാവൂർ ചേലാമറ്റം, വയനാട് തിരുനെല്ലി, വരയ്ക്കൽ കടപ്പുറം, തിരുന്നാവായ നാവാമുകുന്ദ ക്ഷേത്രം, തിരുവല്ലം, ശംഖുമുഖം, തിരുമുല്ലവാരം, പമ്പ ത്രിവേണി, തുടങ്ങിയ ഇടങ്ങളിൽ പിതൃതർപ്പണ കർമങ്ങൾ നടക്കുന്നുണ്ട്. ശക്തമായ നീരൊഴുക്കുള്ളതിനാൽ പത്തനംതിട്ടയിൽ പമ്പ, അച്ചൻകോവിൽ, മണിമല നദികളിൽ ജാഗ്രത നിർദേശം നൽകി. ഭാരതപ്പുഴ, പെരിയാർ തുടങ്ങിയ നദീതീരങ്ങളിലും പാപനാശം, പയ്യാമ്പലം ഉൾപ്പടെയുള്ള കടലോരങ്ങളിലും ബലി തർപ്പണത്തിനെത്തുന്നവർ ജാഗ്രത പുലർത്തണം. കർക്കടക വാവ് ബലിയോട് അനുബന്ധിച്ച് കെഎസ്ആർടിസി പ്രത്യേക സർവീസുകൾ നടത്തുന്നുണ്ട്. കൊച്ചി മെട്രോയും കൂടുതൽ ട്രെയിനുകൾ ഓടിക്കും.

***************************

## വയനാട് - വാവു ബലി (ഇൻട്രോ)

ബലിതർപ്പണത്തിന് പ്രശസ്തമായ വയനാട് ജില്ലയിലെ തിരുനെല്ലിയിൽ കർക്കടക വാവു ബലിയ്ക്ക് വൻ തിരക്ക്. അയൽ

PIIUTVPM

സംസ്ഥാനങ്ങളിൽ നിന്നും നിരവധി പേരാണ് തിരുനെല്ലിയിലെത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്....**

(വോയിസ്)

****************************

## വി എസ് അച്യുതാനന്ദൻ

അന്തരിച്ച മുൻ മുഖ്യമന്ത്രിയും മുതിർന്ന കമ്യൂണിസ്റ്റ് നേതാവുമായ വി എസ് അച്യുതാനന്ദന് വിട ചൊല്ലി കേരളം. സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ഇന്നലെ ആലപ്പുഴ വലിയ ചുടുകാട്ടിൽ നടന്നു. തിരുവനന്തപുരത്ത് നിന്നും ഏകദേശം 29 മണിക്കൂർ കൊണ്ട് വിലാപയാത്ര പുന്നപ്രയിലെ വസതിയിൽ എത്തുമ്പോൾ ജനസാഗരമാണ് പാതയോരങ്ങളിൽ കാത്ത് നിന്ന് ജനകീയ നേതാവിന് യാത്രാമൊഴി ചൊല്ലിയത്.

RNU TVPM

****************************

## മണ്ണിടിച്ചിൽ - ഗതാഗത നിയന്ത്രണം

കാസറഗോഡ് ചെറുവത്തൂർ വീരമലക്കുന്നിൽ ദേശീയ പാതയിലേക്ക് മണ്ണിടിഞ്ഞതിനെ തുടർന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ. ദേശീയപാത അതോറിറ്റിയുടെ സുരക്ഷാ റിപ്പോർട്ട് ലഭിക്കുന്നതുവരെ ഗതാഗത നിയന്ത്രണം തുടരും. വീരമലകുന്ന് റൂട്ടിലൂടെ വലിയ വാഹനങ്ങളും ലോറികളും മാത്രം ശക്തമായ സുരക്ഷാ മുൻകരുതലോടെ കടത്തിവിടും. എല്ലാ യാത്രാ വാഹനങ്ങളും

പകരമുള്ള വഴികളിലേക്ക് തിരിഞ്ഞു പോകേണ്ടതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

***************************

## തിരുവനന്തപുരം - മുണ്ട്നീര്

തിരുവനന്തപുരം ജില്ലയിൽ മുണ്ടിനീര് ബാധിക്കുന്നവരുടെ എണ്ണം വീണ്ടും ഉയരുന്നു. വിദ്യാർഥികളെയാണ് രോഗം കൂടുതൽ ബാധിക്കുന്നത്. ആരോഗ്യ വകുപ്പിന്റെ കണക്ക് അനുസരിച്ച് ഈ മാസം 117 പേർക്ക് മുണ്ടിനീര് സ്ഥിരീകരിച്ചു. സംസ്ഥാനത്താകെ 475 കേസുകളാണ് ഈ മാസം കണ്ടെത്തിയത്.

***************************

## മുങ്ങി മരണ പ്രതിരോധം

ലോക മുങ്ങി മരണ നിവാരണ ദിനമായ നാളെ മുങ്ങി മരണങ്ങൾക്കെതിരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന പ്രചാരണ പരിപാടി മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. 'ജീവനം - ജീവനോട് ജാഗ്രതയുടെ യുദ്ധം' എന്ന പേരിൽ ജില്ലാ ഭരണകൂടമാണ് പ്രചാരണ പരിപാടി സംഘടിപ്പിക്കുന്നത്. ഇതോടനുബന്ധിച്ച് ജില്ലയിലെ എല്ലാ സ്കൂളുകളിലും പ്രതിജ്ഞ ചൊല്ലും.

PRU TVPM

***************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 124

-ാം പതിപ്പാണിത്. പൊതുജനങ്ങൾക്ക് നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും 1800- 11-7800 എന്ന ടോൾ ഫ്രീ നമ്പറിലും നാളെ വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാവുന്നതാണ്.

***************************

## പ്ലസ് വൺ പ്രവേശനം

പ്ലസ് വൺ പ്രവേശനത്തിന് സ്കൂളും വിഷയവും മാറാൻ ട്രാൻസ്ഫർ അലോട്മെന്റ് വഴിയുള്ള പ്രവേശനം നാളെ രാവിലെ 10 ന് ആരംഭിക്കും. ഹയർസെക്കൻഡറി വകുപ്പിന്റെ hscap.kerala.gov.in എന്ന വെബ്സൈറ്റിൽ പട്ടിക പരിശോധിക്കാം. തിങ്കളാഴ്ച വൈകീട്ട് നാലുവരെയാണ് പ്രവേശനം. ബാക്കിവരുന്ന സീറ്റിൽ 30-ന് മെറിറ്റ് അടിസ്ഥാനത്തിൽ തത്സമയ പ്രവേശനം നടത്തും. ഓരോ സ്കൂളിലും മിച്ചമുള്ള സീറ്റിന്റെ വിശദാംശം 29-ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

RNUTVPM

***************************

## സഹജീവനം സ്നേഹ ഗ്രാമം പദ്ധതി (ഇൻട്രോ)

എൻഡോസൾഫാൻ ദുരിത ബാധിതർക്കായുള്ള മുഴുവൻ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി സഹജീവനം സ്നേഹഗ്രാമം പദ്ധതിയുടെ പ്രവർത്തനങ്ങൾ കാസർഗോഡ് ജില്ലയിൽ പുരോഗമിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ...**

(വോയിസ്)

***************************

## എഫ് 35 - യുകെ എയർഫോഴ്സ്

F35 വിമാനം തകരാറിലായ ഘട്ടത്തിൽ പൂർണ സഹായം നൽകിയ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് നന്ദി പറഞ്ഞ് യുകെ സൈനികർ മടങ്ങി. യുകെ എയർഫോഴ്സ് ഫ്ലൈറ്റ് ലെഫ്റ്റനന്റ് തോം സോയർ നേരിട്ടെത്തി എയർപോർട്ട് അധികൃതർക്ക് റോയൽ എയർഫോഴ്സിന്റെ ഉപഹാരവും കൈമാറി. രാത്രി ഒമ്പതരയോടെ 17 അംഗ സംഘം റോയൽ എയർഫോഴ്സിന്റെ എ 400 വിമാനത്തിൽ മടങ്ങി.

***************************

ഹെഡ്‌ലൈൻ-5

**മഴ**

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. ഇന്ന് എട്ടു ജില്ലകളിൽ കേന്ദ്രകാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 27 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

***************************

## കണ്ണൂർ - മഴ

കണ്ണൂർ ജില്ലയിൽ ശക്തമായി തുടരുന്ന മഴ ജന ജീവിതത്തെ ബാധിച്ചു. വഴിയോര കച്ചവടക്കാരും, സാധനങ്ങൾ നടന്നു വിൽക്കുന്നവരുമാണ്  ഏറെ ദുരിതത്തിൽ. കനത്ത മഴയിൽ കൃഷിനാശവും ഉണ്ടായിട്ടുണ്ട്.

***************************

## ആലപ്പുഴ സ്കൂൾ - ഹൈക്കോടതി (ഇൻട്രോ)

കുട്ടനാട്ടിൽ പാടശേഖരത്തിലെ ബണ്ട് തകർന്ന് 90 വർഷം പഴക്കമുള്ള സ്കൂളിൽ വെള്ളക്കെട്ട്. 20 ക്ലാസ് മുറികളിൽ വെള്ളം കയറി. സ്കൂളിന്റെ ദുരവസ്ഥ വിവരിച്ച് പ്രിൻസിപ്പൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി സ്വമേധയാ പ്രശ്നത്തിൽ ഇടപെട്ടിരിക്കുകയാണ്.

**ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി രവി കുമാർ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

****************************

## ടെസ്റ്റ് ക്രിക്കറ്റ്

ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് പരമ്പരയിലെ നാലാം ടെസ്റ്റിന്റെ രണ്ടാം ദിനമായ ഇന്ന് ആതിഥേയരായ ഇംഗ്ലണ്ടിനെതിരായ ഒന്നാം ഇന്നിംഗ്സ് ഇന്ത്യ പുനരാരംഭിക്കും. ഇന്ത്യൻ സമയം വൈകിട്ട് 3.30 ന് മാഞ്ചെസ്റ്ററിലാണ് മത്സരം. ഇന്നലെ കളി അവസാനിച്ചപ്പോൾ ഇന്ത്യ, 4 വിക്കറ്റ് നഷ്ടത്തിൽ 264 റൺസ് എന്ന നിലയിലാണ്.

RNUTVPM

****************************

## ഓഹരി+സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 417 പോയിന്റ് താഴ്ന്ന് 82,309 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 114 പോയിന്റ് കുറഞ്ഞ് 25,106 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. പവന് 1,000 രൂപ കുറഞ്ഞ് 74,040 രൂപയും ഗ്രാമിന് 9,255 രൂപയുമാണ് ഇന്നത്തെ വില.

****************************

## ദേശീയ ആദായ നികുതി ദിനം

ഇന്ന് ദേശീയ ആദായ നികുതി ദിനം. 1860-ൽ സർ ജെയിംസ് വിൽസൺ ഇന്ത്യയിൽ ആദായനികുതി ഏർപ്പെടുത്തിയതിന്റെ സ്മരണയ്ക്കായാണ് ദിനാചരണം. പുരോഗമനപരവും സ്വാശ്രയവുമായ രാഷ്ട്രത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുന്നതിൽ പ്രതിബദ്ധതയുള്ള നികുതിദായകരുടെ സംഭാവനയ്ക്കുള്ള അംഗീകാരം കൂടിയാണ് ഈ ദിനം.

*

*************

****************************************

RNU TVPM